കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - വസ്തുനികുതി - യുദ്ധത്തിലോ, സൈനിക നടപടികളിൽ ഏർപ്പെട്ടിരിക്കെ ഉണ്ടായ അപകടത്തിലോ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ യഥാർത്ഥ താമസത്തിനായുള്ള കെട്ടിടങ്ങളെ വസ്തു നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ).1021/2010/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/03/2010

---

പരാമർശം: 1. 13/07/2001 ലെ സ.ഉ.(എം.എസ്) 176/2001/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ശ്രീമതി. ജി. വിജയലക്ഷ്മിയുടെ 5/10/2009 ലെ അപേക്ഷ.

<u>ഉത്തരവ്</u>

യുദ്ധത്തിൽ മണരമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ സ്വന്തം പേരിലുള്ളതും, അവർ യഥാർത്ഥത്തിൽ താമസിക്കുന്നതുമായ വീടുകളെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം വസ്തു നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം സൈനികസേവനമനുഷ്ഠിക്കവേ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കൾക്കു കൂടി ലഭ്യമാക്കണമെന്ന് കരസേനയിൽ ജമ്മു കാശ്മീരിൽ സേവനമനുഷ്ഠിക്കവേ ഗ്രനേഡ് സ്ഫോടനത്തിൽ മരണമടഞ്ഞ ശ്രീ. അഭിലാഷ് നായിഡുവിന്റെ മാതാവായ ശ്രീമതി. ജി. വിജയലക്ഷ്മി പരാമർശം (2) ലെ അപേക്ഷ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പരാമർശം (1) ലെ ഉത്തരവിന്റെ ആനുകൂല്യം യുദ്ധത്തിലോ, സൈനിക നടപടികളിൽ ഏർപ്പെട്ടിരിക്കെ ഉണ്ടായ അപകടത്തിലോ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ

മാതാവിന്റെയോ, പിതാവിന്റെയോ സ്വന്തം പേരിലുള്ളതും, അവർ യഥാർത്ഥ താമസത്തിന് ഉപയോഗിക്കുന്നതുമായ ഒരു വീടിനു മാത്രം തറ വിസ്തീർണ്ണം നോക്കാതെ വസ്തു നികുതി ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ലതാ പണിക്കർ

അണ്ടർ സെക്രട്ടറി

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം.

എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്.

പകർപ്പ് -
1. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ